**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4367** **18-07-2022 - ൽ മറുപടിയ്ക്ക്**

**ഒറ്റത്തവണ വായ്പാ തീർപ്പാക്കൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിൽ പ്രഖ്യാപിച്ച ഒറ്റത്തവണ വായ്പാ തീർപ്പാക്കൽ പദ്ധതി വഴി ഈ സാമ്പത്തിക വർഷം എത്ര തുക തിരിച്ചടവ് വന്നിട്ടുണ്ട്; | (എ) | സഹകരണ മേഖലയിൽ പ്രഖ്യാപിച്ച ഒറ്റത്തവണ വായ്പാ തീർപ്പാക്കൽ പദ്ധതി വഴി ഈ സാമ്പത്തിക വർഷം (2022-2023 സാമ്പത്തിക വർഷം 30.06.2022 വരെ) 86966 വായ്പകളിലായി 2188.20 കോടി തിരിച്ചടവ് വന്നിട്ടുണ്ട്.<br><br>ടി പദ്ധതി വഴി 2021-2022 സാമ്പത്തിക വർഷത്തിൽ 12322.21 കോടി തുക സമാഹരിക്കുകയും, 482450 വായ്പകൾ ഇളവ് അനുവദിച്ച് തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വായ്പാ തിരിച്ചടവിനും കുടിശ്ശിക നിവാരണത്തിനും പ്രോത്സാഹന പരിപാടികൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | കുടിശ്ശികക്കാരായ വായ്പാക്കാർക്ക് ആശ്വാസ മാവുക എന്ന ലക്ഷ്യത്തോടു കൂടിയും, അവർക്ക് പരമാവധി സാവകാശം അനുവദി ക്കുന്നതിനുമായും, വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനും, കുടിശ്ശിക നിവാരണത്തിനുമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം വായ്പക്കാർക്ക് ചുവടെ പറയും പ്രകാരമുള്ള ഇളവുകൾ അനുവദിക്കുന്നു.<br><br>1. ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കി നൽകുന്നു.<br>2. ടി പദ്ധതി പ്രകാരം സാധാരണ പലിശ നിരക്കിലാണ് പലിശ കണക്കാക്കുന്നത്.<br>3. അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000/- രൂപ വരെയുള്ള വായ്പകൾക്ക് പലിശ പൂർണ്ണമായി ഒഴിവാക്കുന്നു.<br>4. അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയുള്ള 50,000/- രൂപവരെയുള്ള വായ്പകളിൽ വ്യവസ്ഥകൾക്ക് വിധേയമായി പലിശയിൽ പരമാവധി 50% വരെ ഇളവ് നൽകുന്നു.<br>5. 50,000/- മുതൽ 2 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ വ്യവസ്ഥകൾക്ക് വിധേയ മായി പലിശയിൽ പരമാവധി 50% വരെ ഇളവ് നൽകുന്നു. |

| | | | |
|---|---|---|---|
| | | | 6. രണ്ട് ലക്ഷം മുതൽ 25 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 40% വരെ ഇളവ് നൽകുന്നു.<br>7. വായ്പാ തിരിച്ചടവിനെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനായി കൃത്യമായി തവണ തുകകൾ അടച്ച് വരുന്ന വായ്പക്കാർക്ക് അടച്ച പലിശയിൽ വ്യവസ്ഥകൾക്ക് വിധേയ മായി ഇളവുകൾ നൽകുന്നു.<br>8. പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശിക ആയിട്ടുള്ള 2018, 2019-ലെ പ്രളയ ബാധിത പ്രദേശങ്ങളിലെ പ്രളയ ദുരിതം നേരിട്ടവരും, സംസ്ഥാനത്തെ കോവിഡ് ബാധിതരായ വായ്പക്കാരിലും വരുമാനദായകനായ ആശ്രിതൻ മരണപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം വായ്പകൾക്കും വ്യവസ്ഥകൾക്ക് വിധേയമായി ഇളവ് അനുവദിച്ച് വരുന്നു<br>9. മരണപ്പെട്ടവരോ, മാരക രോഗങ്ങൾ ബാധിച്ചവരോ ആയവരുടെ വായ്പകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പലിശ പൂർണ്ണമായോ/ഭാഗികമായോ, മുതലും പലിശയും ചേർന്ന ബാദ്ധ്യത ഭാഗികമായോ/ പൂർണ്ണമായോ ഇളവ് നൽകുന്നു; |
| (സി) | ഒറ്റത്തവണ വായ്പാ തീർപ്പാക്കൽ പദ്ധതി സഹകരണ സംഘങ്ങൾക്ക് നഷ്ടം വരുത്താറുണ്ടോ; വ്യക്തമാക്കാമോ? | (സി) | അംഗങ്ങളിൽ നിന്ന് നിക്ഷേപമായി സ്വരൂപിക്കുന്ന തുക ഉപയോഗിച്ചാണ് സംഘങ്ങൾ/ബാങ്കുകൾ വായ്പ നൽകുന്നത്. നിക്ഷേപ പലിശ നിരക്കും, വായ്പാ പലിശ നിരക്കും തമ്മിലുള്ള മാർജിൻ ആണ് സംഘങ്ങൾ / ബാങ്കുകളുടെ വരുമാനം. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുമ്പോൾ പിഴപലിശ പൂർണ്ണമായി ഒഴിവാക്കുന്നു. വായ്പയുടെ സ്വാഭാവം പരിഗണിക്കാതെ എല്ലാത്തരം വായ്പകൾക്കും സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി അർഹരായവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നു. പലിശയിൽ പരമാവധി 40% വരെ ഇളവ് അനുവദിക്കുന്നു. അർഹരായവരുടെ വായ്പ പൂർണ്ണമായോ, ഭാഗികമായോ ഇളവ് നൽകുന്നു.<br><br>ഇപ്രകാരം സംഘാംഗങ്ങൾ ആയ വായ്പക്കാർക്ക് ഇളവുകൾ നൽകുന്നതിലൂടെ സംഘങ്ങൾക്ക് പിഴപ്പലിശ ഇനത്തിലും, പലിശ ഇനത്തിലും, മുതൽ ഇനത്തിലും ചെറിയ നഷ്ടം സംഭവിക്കാറുണ്ട്. സഹകരണ സംഘങ്ങൾ/ ബാങ്കുകളിലെ വർദ്ധിച്ച കുടിശ്ശിക/ നിഷ്ക്രിയ ആസ്തി സംഘങ്ങൾ/ |

| | | | |
|---|---|---|---|
| | | | ബാങ്കുകളുടെ നഷ്ടം കൂട്ടുന്നതിനും പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതിനും ഇടവരുത്തുന്നുണ്ട്. ഇപ്രകാരം വർഷങ്ങളായുള്ള കുടിശ്ശിക/ നിഷ്ക്രിയ ആസ്തികൾ പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സഹായകര മാകുന്നുണ്ട്. മാത്രമല്ല സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ട ശേഷം മാതാപിതാക്കളുടെ ബാധ്യത തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തില്ലുള്ളവർക്ക് ഇളവുകൾ നൽകി അവരുടെ കടബാദ്ധ്യത ഒഴിവാക്കാൻ അവസരം നൽകുന്നതിലൂടെ ചെറിയ നഷ്ടം ഉണ്ടാകുന്നു എന്നതിലുപരിയായി സഹകരണ തത്വങ്ങളിലധിഷ്ഠിതമായി സംഘങ്ങൾ/ ബാങ്കുകൾക്ക് അംഗങ്ങളോടും സമൂഹത്തോടുമുള്ള പ്രതി ബദ്ധത പാലിക്കാനും ഒറ്റത്തവണ വായ്പ തീർപ്പാക്കൽ പദ്ധതി സഹായകരമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ